**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2893** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആന എഴുന്നള്ളത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ആന എഴുന്നള്ളത്തിന് അനുമതി നല്കിയിട്ടുള്ള ക്ഷേത്രങ്ങളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ആന എഴുന്നള്ളത്തിനുള്ള അനുമതിക്കായി ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 762 ക്ഷേത്രങ്ങളിൽ ഈ വർഷം നാളിതുവരെ 130 ക്ഷേത്രങ്ങൾക്ക് ആന എഴുന്നള്ളത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആരാധനാലയങ്ങളിൽ ആന എഴുന്നള്ളത്തിന് അനുമതി നല്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | WP(C) No 743/2014 കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 18.08.2015 ലെ ഉത്തരവിൻ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ആരാധനാലയങ്ങൾക്കു മാത്രമേ ആന എഴുന്നള്ളത്തിന് അനുമതി നൽകാറുള്ളൂ. 2012 ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുള്ള ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയാണ് രജിസ്റ്റർ ചെയ്ത ആരാധനാലയങ്ങൾക്ക് ആന എഴുന്നള്ളത്തിന് അനുമതി നൽകുന്നത്. 2012 ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർതൃത്വവും) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും, 20.03.2013 ലെ 2853/ഡി2/2013/വനം നമ്പർ സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, ഓരോ ഉത്സവത്തിന്റെയും രീതിയനുസരിച്ചാണ് പ്രസ്തുത അനുമതി നല്കുന്നത്. ടി അനുമതി ലഭിക്കുന്നതിന് ഓരോ ഉത്സവത്തിനും മുന്നോടിയായി രജിസ്റ്റർ ചെയ്ത ആരാധനാലയങ്ങൾ ബന്ധപ്പെട്ട ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ